# പതിനാലാം കേരള നിയമസഭ
# പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 650** **29/01/2019-ൽ മറുപടിയ്ക്ക്**

## സഹകരണ വകുപ്പിന്റെ നെല്ല് സംഭരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അനൂപ് ജേക്കബ്** | | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | നെല്ല് സംഭരണം സഹകരണ വകുപ്പ് ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ എന്ന് മുതൽ ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഏതെല്ലാം എജൻസികൾ മുഖേനയാണ് നെല്ല് സംഭരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള സംവിധാനത്തോടൊപ്പം സഹകരണ മേഖലയെക്കൂടി നെല്ല് സംഭരണത്തിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. നെല്ല് സംഭരണം, സംസ്കരണം, വിപണനം എന്നിവ ലക്ഷ്യമാക്കി പാലക്കാട് ജില്ലാടിസ്ഥാനത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്യുന്നതിന്റെ പ്രാരംഭ നടപടികൾ പൂർത്തിയായിട്ടുണ്ട്. |
| (ബി) | നിലവിലെ നെല്ല് സംഭരണ സംവിധാനങ്ങളിലെ അപര്യാപ്തത മൂലമാണോ ഇപ്രകാരമൊരു തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | നെല്ല് സംഭരണത്തിന്റെ നിലവിലെ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുവേണ്ടിയാണ് സഹകരണ മേഖലയെ കൂടി നെല്ല് സംഭരണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (സി) | അല്ലെങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനുള്ള സാഹചര്യമെന്താണെന്ന് വിശദീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ